**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 194** **05.03.2012- ൽ മറുപടിക്ക്**

**ദുരന്തനിവാരണസേന**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. ഗീതാ ഗോപി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യ മന്ത്രി) |
| (എ) | സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്തനിവാരണസേന രൂപീകരിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ; | (എ) | ദുരന്തനിവാരണസേന രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സംസ്ഥാന പോലീസ് സേനയിൽ നിന്നും 50 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാന ദുരന്തനിവാരണസേന രൂപീകരിക്കുവാനുള്ള നിർദ്ദേശമായിരുന്നു തുടക്കത്തിൽ സർക്കാർ പരിഗണിച്ചിരുന്നത്. എന്നാൽ ഇതിലേക്കായി മാത്രം പോലീസ്കാരെ വിന്യസിക്കുന്നത് പ്രായോഗികമല്ല എന്നുള്ള ആഭ്യന്തര വകുപ്പിന്റെ നിലപാടിൽ പ്രസ്തുത നിർദ്ദേശം നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല.<br>തുടർന്നുള്ള നിരവധി ഉന്നതതല ചർച്ചകളിൽ നിന്നും കുറേക്കൂടി പ്രായോഗികമായ ഒരു തീരുമാനം ഉരുത്തിരിഞ്ഞു വരുകയുണ്ടായി. അതനുസരിച്ച് ഓരോ ജില്ലയിൽ നിന്നും 20 പോലീസുകാരെ ഇതിനായി തെരഞ്ഞെടുത്ത് പരിശീലനം നല്കുവാനും അതാതു ജില്ലകളിലും ആവശ്യമെങ്കിൽ തൊട്ടടുത്ത ജില്ലകളിലും അവരുടെ സേവനം ലഭ്യമാക്കുവാനും തീരുമാനിച്ചു. ആയതിൻ പ്രകാരം ഓരോ ജില്ലയിൽ നിന്നും 20 പോലീസുകാരെ വീതം തെരഞ്ഞെടുത്ത് ദുരന്തനിവാരണസേനയിലേക്ക് ആവശ്യമായ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ്, നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് എന്നിവിടങ്ങളിൽ നൽകാനും തിരുമാനമെടുത്തിട്ടുണ്ട്. ഇതിനായി ഓരോ ജില്ലയിൽ നിന്നും 20 പോലീസുകാരെ വീതം ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ